**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 869** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** പ്രസ്തുത തുറമുഖത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 1. മഞ്ചേശ്വരം മത്സ്യബന്ധനതുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി FIDF പദ്ധതിയിൽ ഉൾപ്പെടുത്തി 5784 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതിയിൽ പ്രധാനമായും Replenishment of South and North Break water, Shore protection works, ഹാർബർ റോഡ് വികസനം , ഡ്രെഡ്ജിംഗ്, ETP എന്നീ വികസന പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്.

2. കൂടാതെ Expansion and Major additions to Coastal infrastructure എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബറിൽ New Landing Facility നടപ്പിലാക്കുന്നതിനായി Construction of floating landing jetty at Manjeswaram Fishing harbour നിർമ്മാണത്തിനായി 160.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രവൃത്തിയുടെ സാങ്കേതിക അനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

3.Special Assistance to States for Capital Investment പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി 30.00കോടി രൂപയുടെയും,ബെർത്തിങ് ഫെസിലിറ്റിക്കായി 6.89കോടി രൂപയുടെയും പ്രൊപോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും 2025-26 സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ പരിഗണിക്കാനായില്ല.

4. മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്കായി നബാർഡ്- ആർ.ഐ.ഡി.എഫ് XXXI ൽ ഉൾപ്പെടുത്തി 28.00 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിരുന്നു, ആയത് DSR 2021- പ്രകാരം പുതുക്കി സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 1. മഞ്ചേശ്വരം മത്സ്യബന്ധനതുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി FIDF പദ്ധതിയിൽ ഉൾപ്പെടുത്തി 5784 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതിയിൽ പ്രധാനമായും Replenishment of South and North Break water, Shore protection works, ഹാർബർ റോഡ് വികസനം , ഡ്രെഡ്ജിംഗ്, ETP എന്നീ വികസന പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്.

2. കൂടാതെ Expansion and Major additions to Coastal infrastructure എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബറിൽ New Landing Facility നടപ്പിലാക്കുന്നതിനായി Construction of floating landing jetty at Manjeswaram Fishing harbour നിർമ്മാണത്തിനായി 160.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രവൃത്തിയുടെ സാങ്കേതിക അനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

3.Special Assistance to States for Capital Investment പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി 30.00കോടി രൂപയുടെയും,ബെർത്തിങ് ഫെസിലിറ്റിക്കായി 6.89കോടി രൂപയുടെയും പ്രൊപോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും 2025-26 സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ പരിഗണിക്കാനായില്ല.

4. മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്കായി നബാർഡ്- ആർ.ഐ.ഡി.എഫ് XXXI ൽ ഉൾപ്പെടുത്തി 28.00 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിരുന്നു, ആയത് DSR 2021- പ്രകാരം പുതുക്കി സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത തുറമുഖം കാര്യക്ഷമവും സൗകര്യപ്രദവുമായി പ്രവർത്തിക്കാൻ ഇതുമായി ബന്ധപ്പെട്ട് ഒരു പാലം അനിവാര്യമാണെന്നും എന്നാൽ അതിനാവശ്യമായ ഫണ്ട് ഇനിയും അനുവദിച്ചിട്ടില്ലെന്നുമുള്ള വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ പാലത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

**<u>മറുപടി:</u>** തുറമുഖം കാര്യക്ഷമവും സൗകര്യപ്രദവുമായി പ്രവർത്തിക്കുന്നതിനായി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്കായി നബാർഡ്- ആർ.ഐ.ഡി.എഫ് XXXI -ൽ ഉൾപ്പെടുത്തി 28.00 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിരുന്നത് , DSR 2021- പ്രകാരം പുതുക്കി സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**